നം. ഐസിഡിഎസ്/ബി2-24304/12

സാമൂഹ്യക്ഷേമ ഡയറക്ടറേറ്റ്(അനക്സ്),
സാമൂഹ്യക്ഷേമ ഭവൻ,പൂജപ്പുര,
തിരുവനന്തപുരം. തീയതി : 30-7-2012

## സർക്കുലർ

വിഷയം : സാമൂഹ്യക്ഷേമ വകുപ്പ് - ലോക മുലയൂട്ടൽ വാരം ആചരിക്കുന്നത് - സംബന്ധിച്ച്.

സൂചന : 21-7-2012-ലെ അണ്ടർ സെക്രട്ടറിയുടെ 10356/B1/12/SWD നമ്പർ കത്ത്.

ലോക മുലയൂട്ടൽ വാരം 2012 വർഷത്തെ ആചരണത്തിനുള്ള തീം: Taking Stock of policies and programmes എന്നതാണ്. ഈ വരാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ താഴെ പറയും പ്രകാരമാണ്.

1) മുലയൂട്ടലുമായി ബന്ധപ്പെട്ട നിലവിലുള്ള മാർഗ്ഗനിർദ്ദേശങ്ങളും, പദ്ധതികളും നടപ്പിലാക്കിയ കാര്യം വിലയിരുത്തുക.
2) കഴിഞ്ഞ 20 വർഷമായി വിജയകരമായി നടപ്പിലാക്കിയിട്ടുള്ള കാര്യങ്ങൾ അംഗീകരിക്കുക.
3) മുലയൂട്ടൽ പദ്ധതി നടപ്പിലാക്കുന്നതിന് വന്നിട്ടുള്ള വീഴ്ച്ചകൾക്ക് പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്തുക.
4) കുട്ടികൾക്ക് മുലയൂട്ടൽ നൽകേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നൽകുക എന്നിവയാണ്.

ലോക മുലയൂട്ടൽ വാരം 2012 ഓഗസ്റ്റ് 1 മുതൽ 7 വരെ ആചരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ആഗസ്റ്റ്-1 അംഗൻവാടിതലം : എല്ലാ അംഗൻവാടികളിലും അമ്മമാരുടേയും, ഗർഭിണികളുടേയും, കൗമാരപ്രായക്കാരായ പെൺകുട്ടികളുടേയും യോഗം വിളിച്ചുകൂട്ടി മുലയൂട്ടുന്നതിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ് സംഘടിപ്പിക്കുക. National guidelines on infant and young child feeding 2006 Meternity Benefit Act 1961, എന്നിവ വിഷയങ്ങൾ ആയി പരിഗണിക്കണം. (ഈ നിയമ പ്രകാരം 6 മാസത്തെ meternity leave അനുവദിക്കുന്നുണ്ട്).

ആഗസ്റ്റ് 1-ാം തീയതി ഉച്ചയ്ക്ക് ശേഷം മുലയൂട്ടൽകൊണ്ട് കുട്ടികൾക്ക് ആരോഗ്യപരമായും വൈകാരികമായും ഉണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് Medical officer/JPHN/Supervisor/Anganwadi Worker/Helper-മാർ/ANM/CDPO എന്നിവരിൽ ആരെയെങ്കിലും റിസോഴ്സ് പേഴ്സൺ ആയി വിളിച്ച് ക്ലാസുകൾ എടുക്കേണ്ടതും തുടർന്ന് ഗ്രൂപ്പ് ചർച്ച നടത്തേണ്ടതുമാണ്.

## പ്രോജക്ട്തലം/അംഗൻവാടിതലം/ജില്ലാതലം

2) ഓഗസ്റ്റ് 2,3,5,6 ദിവസങ്ങളിൽ ആരോഗ്യ വകുപ്പും സന്നദ്ധ സംഘടനകളും പഞ്ചായത്ത്/കോർപ്പറേഷനുകളുമായി സഹകരിച്ച് ഓരോ ഐസിഡിഎസ്. പ്രദേശത്തുമുള്ള മുലയൂട്ടലുമായി ബന്ധപ്പെട്ട നിയമം നടപ്പിലാക്കുന്നതു സംബന്ധിച്ച പ്രശ്നങ്ങൾ ചർച്ച ചെയ്ത് വിലയിരുത്തേണ്ടതാണ്. ഇതേ തുടർന്ന് Infant milk substitute feeding bottles and infant foods (Regulation of production supply and distribution) Act 1992 എന്ന നിയമം നടപ്പിലാക്കിയിട്ടുള്ള കാര്യം വിലയിരുത്തേണ്ടതാണ്. 6 മാസം വരെ മുലപ്പാൽ മാത്രമാണ് കുഞ്ഞിന് നൽകേണ്ടത്. ജനിച്ച് ഒരു മണിക്കൂറിനകം മുലപ്പാൽ നൽകണം. 6 മാസത്തെ കാലയളവിൽ മുലപ്പാൽ ഒഴികെ മറ്റ് കൃത്രിമ പാലോ, ഭക്ഷണ പദാർത്ഥങ്ങളോ കുട്ടികൾക്ക് നൽകാൻ പാടില്ലയെന്ന് ഈ നിയമങ്ങൾ അനുശാസിക്കുന്നുണ്ട്. മേൽ പറഞ്ഞ നിയമത്തിൽ 2006-ൽ വരുത്തിയ ഭേദഗതി അനുസരിച്ച് 2 വർഷത്തിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് കൃത്രിമ ഭക്ഷണ പദാർത്ഥങ്ങൾ നൽകുന്നത് നിരോധിച്ചിട്ടുണ്ട്. ഈ കാര്യങ്ങൾ ബേബി ഫുഡ്ഡുകളുടെ ബോട്ടിലുകളിൽ എഴുതി പ്രദർശിപ്പിക്കണമെന്നും ഈ നിയമം അനുശാസിക്കുന്നുണ്ട്. മേൽ പറഞ്ഞ കാര്യങ്ങൾ യഥാർത്ഥത്തിൽ നടപ്പിലാക്കുന്നുണ്ട് എന്നും Breast feeding week-ൽ വിലയിരുത്തേണ്ടത് ആവശ്യമാണ്. ഇതിന് ആവശ്യമായ നടപടികൾ ശിശു വികസന പദ്ധതി ഓഫീസർമാർ എടുക്കേണ്ടതാണ്. ഇക്കാര്യത്തിൽ എന്തെങ്കിലും വീഴ്ചകളുള്ളതായി ശ്രദ്ധയിൽപ്പെട്ടാൽ അക്കാര്യം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

3) <u>പ്രോജക്ട്തലം : ആഗസ്റ്റ് 4 - സിമ്പോസിയം</u> - 'തീം Taking Stock of policies and programmes' പഞ്ചായത്ത് പ്രതിനിധികൾ MP-മാർ, MLA-മാർ, മെഡിക്കൽ ഓഫീസർമാർ, സാമൂഹ്യക്ഷേമ വകുപ്പ് ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചു കൊണ്ട് ഒരു സിമ്പോസിയം സംഘടിപ്പിക്കേണ്ടതാണ്. ഇതിൽ മുലയൂട്ടലുമായി ബന്ധപ്പെട്ട നിയമങ്ങളെക്കുറിച്ച് ഒരു അഡ്വക്കേറ്റിനെകൊണ്ടും ആരോഗ്യ പ്രശ്നങ്ങളെ ക്കുറിച്ച് ഒരു മെഡിക്കൽ ഓഫീസറെകൊണ്ടും ക്ലാസുകൾ എടുപ്പിക്കേണ്ടതാണ്. ഈ സിമ്പോസിയത്തിൽ പ്രോജക്ടിലെ എല്ലാ അംഗൻവാടി പ്രവർത്തകരേയും സൂപ്പർവൈസർമാരേയും, JPHN-മാരേയും പങ്കെടുപ്പിക്കേണ്ടതാണ്.

4) <u>ആഗസ്റ്റ് 7 - ജില്ലാതല സിമ്പോസിയം</u> - ജില്ലയിലെ എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാരേയും, സൂപ്പർവൈസർമാരേയും ഉൾപ്പെടുത്തണം. ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരേയും പ്രവർത്തകരേയും ഉൾപ്പെടുത്താവുന്നതാണ്.

വിഷയം-1 - Infant Milk Substitutes Feeding Bbottles and infant foods (Regulation of production, supply and distraction)Act 1992 and Amendment Act 2003 (IMS Act).

വിഷയം-2 - മുലയൂട്ടലും കുട്ടികളുടെ വളർച്ചയും

ക്ലാസ് എടുക്കുന്നതിന് വേണ്ടി ഒരു മെഡിക്കൽ ഓഫീസറെയും ഒരു അഡ്വക്കേറ്റിനേയും ക്ഷണി ക്കാവുന്നതാണ്. ഇത് ജില്ലാതല റിവ്യൂ മീറ്റിംഗിനോടനുബന്ധിച്ച് സംഘടിപ്പിക്കാവുന്നതാണ്.

ഇത്തരത്തിലുള്ള പ്രചാരണ പ്രവർത്തനങ്ങൾ അംഗൻവാടിതലം, ബ്ലോക്ക് തലം, ജില്ലാതലം എന്നീ ഘട്ടങ്ങളിൽ സംഘടിപ്പിക്കുന്നതിന് ആവശ്യമായ പഠന സാമഗ്രികൾ താഴെ പറയുന്ന വെബ്സൈറ്റിൽ ലഭ്യമാണ്. http//bpni.org/WBW/wbw2012.html.

ഈ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച ശേഷം സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർക്ക് ഉള്ളടക്കം ചെയ്തിരിക്കുന്ന ഫോർമാറ്റിൽ തയ്യാറാക്കിയ റിപ്പോർട്ട് ജില്ലാതലത്തിൽ ക്രോഡീകരിച്ച് നൽകേണ്ടതാണ്.

സാമൂഹ്യക്ഷേമ ഡയറക്ടർക്കുവേണ്ടി.

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും.

ജികെ/